**LBS CENTRE FOR SCIENCE AND TECHNOLOGY**
(A Government of Kerala Undertaking)
Nandavanam, Palayam, Thiruvananthapuram - 695 033, Kerala
Phone: 0471 - 2324396, 2324148, 2324101; Fax: 0471 - 2337055
Email: director.lbs@kerala.gov.in; Website: www.lbscentre.kerala.gov.in

ബി9/1551/2025 12.06.2025

## സംസ്ഥാനതല പ്രസിദ്ധീകരണത്തിന്

### ബാച്ചിലർ ഓഫ് ബിസിനസ് അഡ്മിനിസ്ട്രേഷൻ (BBA)/ ബാച്ചിലർ ഓഫ് കമ്പ്യൂട്ടർ അപ്ലിക്കേഷൻസ് (BCA) കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനായി അപേക്ഷ ക്ഷണിക്കുന്നു.

സംസ്ഥാനത്തെ ബി.ബി.എ, ബി.സി.എ ഡിഗ്രി കോഴ്സുകളുടെ പ്രവേശനത്തിന് ഏകജാലക സംവിധാനം നിലവിൽ വന്നു. ഈ അധ്യയന വർഷം മുതൽ ബി.ബി.എ, ബി.സി.എ കോഴ്സുകൾക്ക് എ.ഐ.സി.ടി.ഇ അംഗീകാരം നിർബന്ധമാണ്. എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക സർവകലാശാലയുടെ കീഴിലുള്ള കോളേജുകളിലെ ബി.ബി.എ, ബി.സി.എ പ്രവേശനത്തിനാണ് അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. വിദ്യാർഥികൾ പ്രവേശനത്തിന് ഓരോ കോളേജിനെയും സമീപിക്കുന്ന അവസ്ഥയ്ക്കാണ് മാറ്റം വന്നിരിക്കുന്നത്. എൽ.ബി.എസ് സെന്റർ ആണ് ബി.ബി.എ, ബി.സി.എ കോഴ്സുകളിലേക്കുള്ള പ്രവേശനം നടത്തുക. ഇതിനായി പ്രത്യേക വെബ്സൈറ്റ് തയ്യാറാക്കിയിട്ടുണ്ട്.

ബി.ബി.എ പ്രവേശനത്തിന് അപേക്ഷകർ കേരള ഹയർ സെക്കൻഡറി ബോർഡിൻറെ പ്ലസ് ടു യോഗ്യതാപരീക്ഷയിലോ തത്തുല്യം എന്ന് അംഗീകരിക്കപ്പെട്ട മറ്റു ഏതെങ്കിലും യോഗ്യതാപരീക്ഷയിലോ 45% മാർക്കോടെ പാസ്സായിരിക്കണം. ബി.സി.എ പ്രവേശനത്തിന് അപേക്ഷകർ കേരള ഹയർ സെക്കൻഡറി ബോർഡിൻറെ പ്ലസ് ടു യോഗ്യതാപരീക്ഷയിലോ തത്തുല്യം എന്ന് അംഗീകരിക്കപ്പെട്ട മറ്റു ഏതെങ്കിലും യോഗ്യതാപരീക്ഷയിലോ അല്ലായെങ്കിൽ ഡിപ്ലോമ ഇൻ എഞ്ചിനീയറിംഗ് / കൊമേർഷ്യൽ പ്രാക്ടീസ് യോഗ്യതാപരീക്ഷയിലോ തത്തുല്യം എന്ന് അംഗീകരിക്കപ്പെട്ട മറ്റു ഏതെങ്കിലും യോഗ്യതാപരീക്ഷയിലോ 45% മാർക്കോടെ പാസ്സായിരിക്കണം. എസ്.സി / എസ്.ടി വിഭാഗക്കാർക്ക് 5 % മാർക്ക് ഇളവുണ്ട്. എൽ.ബി.എസ് സെന്റർ നടത്തുന്ന പ്രവേശന പരീക്ഷ വിജയിക്കുന്നവർക്ക് മാത്രമേ മെറിറ്റ് സീറ്റിലേക്ക് പ്രവേശനം ലഭിക്കാൻ അർഹതയുണ്ടാവുകയുള്ളൂ.

തിരഞ്ഞെടുക്കപ്പെട്ട പരീക്ഷ കേന്ദ്രങ്ങളിൽ വെച്ച് പ്രവേശന പരീക്ഷ നടത്തുന്നതാണ്. പരീക്ഷ തീയതി പിന്നീട് അറിയിക്കുന്നതാണ്. പ്രവേശന പരീക്ഷയ്ക്ക് ലഭിക്കുന്ന റാങ്ക്ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് ഈ കോഴ്സിലേക്കുള്ള പ്രവേശനം നടത്തുന്നത്. **www.lbscentre.kerala.gov.in** എന്ന വെബ് സൈറ്റ് വഴി ഓൺലൈനായി 2025 ജൂൺ 12 മുതൽ ജൂൺ 25 വരെ അപേക്ഷാ ഫീസ് ഒടുക്കി അപേക്ഷ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്.

പൊതുവിഭാഗത്തിന് 1300 രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് 650 രൂപയുമാണ് അപേക്ഷാ ഫീസ്. വ്യക്തിഗത വിവരങ്ങൾ മേൽപ്പടി വെബ്സൈറ്റിൽ കൂടി ഓൺലൈനായി രേഖപ്പെടുത്തിയ ശേഷം ഓൺലൈൻ മുഖേന അപേക്ഷാ ഫീസ് ഒടുക്കാവുന്നതാണ്. ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്ന അവസരത്തിൽ അനുബന്ധ രേഖകൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്.
കൂടുതൽ വിവരങ്ങൾക്ക് 0471-2324396, 2560361, 2560327 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

**ഡോ.എം.അബ്ദുൾ റഹ്മാൻ**
**ഡയറക്ടർ**